**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125** **19-01-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകളുടെ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ . കെ. സി . ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കാർഷിക വിളകൾ ശേഖരിച്ച് സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നതിന് ചില സംസ്ഥാനങ്ങളിൽ നിലവിലുള്ള മണ്ഡി സംവിധാനം സംസ്ഥാനത്ത് എവിടെയെങ്കിലും നിലവിലുണ്ടോ; | (എ) | മറ്റ് ചില സംസ്ഥാനങ്ങളിൽ നിലവിലുള്ളതു പോലെ APMC മണ്ഡി സംവിധാനങ്ങൾ കേരളത്തിൽ നിലവിലില്ല. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഗുണ-ദോഷങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | മറ്റ് ചില സംസ്ഥാനങ്ങളിൽ നിലവിലുള്ളതു പോലെ APMC മണ്ഡി സംവിധാനങ്ങൾ കേരളത്തിൽ നിലവിലില്ല. |
| (സി) | നെൽകൃഷി മേഖലകളായ കുട്ടനാട്, പാലക്കാട്, റബ്ബർ ഉല്പാദന കേന്ദ്രമായ മദ്ധ്യതിരുവിതാംകൂർ മേഖല എന്നിവിടങ്ങളിലെ ഉല്പന്നങ്ങളുടെ ശേഖരണവും വിപണനവും സംബന്ധിച്ചും കർഷകർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കുട്ടനാട്, പാലക്കാട് മേഖലകളിലെ നെൽകൃഷി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (ഡി) | നെല്ല് സംഭരണത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം കർഷക സൗഹൃദമല്ലെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ഡി) | പ്രത്യേകിച്ച് പരാതി ശ്രദ്ധയിൽപെട്ടിട്ടില്ല. നിലവിൽ നെല്ല് സംഭരണം കാര്യക്ഷമമായാണ് നടന്ന് വരുന്നത്. |

സെക്ഷൻ ഓഫീസർ